മാവേലിക്കര—തിരുവനന്തപുരം ബസ് സർവ്വീസ്

600 [766] ശ്രീ. വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര—കറാനം—ചൂനാട് പുതിയകാവ് വഴി തിരുവനന്തപുരത്തേക്കും—മാവേലിക്കര—കമാനം—ഓച്ചിറ വഴി തിരുവനന്തപുരത്തേക്കുമുള്ള കെ. എസ്. ആർ. ടി. സി. ബസ്സുകളും മിക്കവാറും സർവ്വീസ് നടത്താറില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ ബസ്സുകളിൽ സ്ഥിരമായി യാത്ര ചെയ്യുന്ന യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്നുള്ളത് പരിഗണിച്ച് ഈ സർവ്വീസുകൾ സ്ഥിരമായി നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാവേലിക്കരനിന്നും ചൂനാട്—പുതിയകാവുവഴിയുള്ള തിരുവനന്തപുരം ബസ്സും കറാനം—ഓച്ചിറവഴിയുള്ള തിരുവനന്തപുരം ബസ്സും അപൂർവ്വം ദിവസങ്ങളിൽ റദ്ദാക്കേണ്ടിവന്നിട്ടുണ്ട്. ബസ്സുകളുടെ കുറവാണ് ഇതിനുകാരണം.

(ബി) ബസ്സുകളുടെ ലഭ്യതയനുസരിച്ച് ഇവ സ്ഥിരമായി ഓടിക്കാൻ ശ്രമിക്കുന്നതാണ്.

മാവേലിക്കര—നെയ്യാറിൻകര ബസ് സർവ്വീസ്

601 [767] ശ്രീ. വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരനിന്നും പള്ളിക്കൽ—കട്ടച്ചിറ—ഓച്ചിറ—കൊല്ലം വഴി തിരുവനന്തപുരത്തേയ്ക്കും, നെയ്യാറിൻകരനിന്നും തിരിച്ച് അതേ റൂട്ടിൽ മാവേലിക്കരയ്ക്കും നടത്തിയിരുന്ന ബസ് സർവ്വീസ് നിറുത്തലാക്കാൻ കാരണമെന്താണെന്നു വ്യക്തമാക്കാമോ;

(ബി) ഈ സർവ്വീസ് പുനരാരംഭിക്കുവാനും മുടക്കം കൂടാതെ സർവ്വീസ് നടത്താനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം—നെയ്യാറിൻകരഭാഗത്ത് മറ്റു കൂടുതൽ സർവ്വീസ്സുകൾ ഉള്ളതിനാൽ പ്രസ്തുത സർവ്വീസ് കൂടുതൽ ലാഭകരമായ വിധത്തിൽ പുനഃസംവിധാനം ചെയ്തിട്ടുണ്ട്. മാവേലിക്കര—തിരുവനന്തപുരം—കായംകുളം—ആറ്റിങ്ങൽ റൂട്ടിലാണ് ഇത് ഇപ്പോൾ സർവ്വീസ് നടത്തുന്നത്.

(ബി) പുനഃസംവിധാനം ചെയ്തിട്ടുള്ള സർവ്വീസ് മുടക്കം കൂടാതെ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

കിളിമാന്നൂർ ബസ്സ് ഡിപ്പോയിലേക്ക് അനുവദിച്ചിട്ടുള്ള ബസ്സുകൾ

602 [768] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. കിളിമാനൂർ ബസ്സ് ഡിപ്പോയിലേക്ക് അനുവദിച്ചിട്ടുള്ള മൊത്തം ബസ്സുകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ എ. 58, ആർ. 143 എന്നീ ബസ്സുകൾ ഓടിക്കാൻ നിർവ്വാഹമില്ലാതെ കേടായി കിടക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുപകരമായി പുതിയ ബസ്സുകൾ കൊടുക്കുന്ന കാര്യം പരിഗണിക്കാമോ;

(ഡി) ഇപ്പോൾ ഇവിടെ നിന്നും എത്ര ബസ്സുകളാണ് സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നത്;

(ഇ) ഷെഡ്യൂളുകൾ റദ്ദ് ചെയ്തതുമൂലം യാത്രക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെ പരിഗണിച്ച് അവിടെ ഷെഡ്യൂൾ കൂട്ടിക്കൊടുക്കുന്നതിന് നടപടികൾ എടുക്കുമോ?

ഉത്തരം

(എ) 23 ബസ്സുകൾ

(ബി) എ. 58, ആർ. 143 എന്നീ ബസ്സുകൾ കിളിമാനൂർ ഡിപ്പോയിലില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 21 ബസ്സുകൾ.

(ഇ) ഷെഡ്യൂളുകൾ സ്ഥിരമായി റദ്ദു ചെയ്തിട്ടില്ല. ബസ്സുകളുടെ കുറവുമൂലം ചിലപ്പോൾ ചില ഷെഡ്യൂളുകൾ ഓടിക്കാൻ പറ്റാതെ വരാറുണ്ട്.

അട്ടപ്പാടിയിലുള്ള കെ. എസ്. ആർ. ടി. സി. സർവ്വീസ്

603 [771] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികേന്ദ്രമായ അട്ടപ്പാടിയിൽ കൂടി കെ. എസ്. ആർ. ടി. സി. ഇപ്പോൾ ഏതെങ്കിലും സർവ്വീസ് നടത്തുന്നുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഇതുവഴി ഏതെങ്കിലും പുതിയ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ:

(സി) എത്ര സർവ്വീസ്സുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്;

(ഡി) അട്ടപ്പാടിയിൽകൂടി കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് നടത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly